## ജെറി അമൽദേവ്

# മഞ്ഞിൽ വിരിഞ്ഞ സംഗീത പുഷ്പങ്ങൾ



## പി. വി. ആൽബി

# ജെറി അമൽദേവ്
# മഞ്ഞിൽ വിരിഞ്ഞ സംഗീതപുഷ്പങ്ങൾ

പി.വി. ആൽബി

ഹിന്ദി സിനിമാസംഗീത ചക്രവർത്തിയായിരുന്ന നൗഷാദിന്റെ സഹായിയായി ലതാ മങ്കേഷ്കർ, മുഹമ്മദ് റഫി, മന്നാ ഡേ തുടങ്ങിയവർക്കായി നൂറുകണക്കിനു മനോഹരഗാനങ്ങൾ ഒരുക്കിയ പരിചയസമ്പന്നതയുടെ പിൻബലവും അമേരിക്കയിലെ പ്രശസ്തമായ സർവകലാശാലകളിൽ മഹാഗുരുക്കന്മാർക്കു കീഴിൽ ആറു വർഷത്തോളം നടത്തിയ പാശ്ചാത്യസംഗീതപഠനം നൽകിയ ആത്മവിശ്വാസവും കൈമുതലാക്കി 1980 ൽ മലയാളസിനിമയിലെത്തിയ ഒരു കുറിയ മനുഷ്യൻ. തന്റെ ആദ്യസിനിമയിലെ അതിമനോഹരഗാനങ്ങൾ കൊണ്ടുതന്നെ അയാൾ ഉയരങ്ങൾ വെട്ടിപ്പിടിച്ചു.

ജി. ദേവരാജനും എം.കെ. അർജുനനും കെ. രാഘവനുമൊക്കെ വാണിരുന്ന മലയാളസിനിമയിൽ ആ മനുഷ്യൻ ആദ്യസിനിമകൊണ്ടുതന്നെ അനിഷേധ്യമായ സ്ഥാനം നേടി. പിന്നെ, പതിനഞ്ചു വർഷങ്ങൾകൊണ്ട് എഴുപതിൽപ്പരം സിനിമകൾ. ഒരിടവേളയ്ക്കുശേഷം ശക്തമായൊരു തിരിച്ചുവരവ്, ന്യൂജനറേഷൻ സിനിമയിലൂടെ.

“മിഴിയോരവും...”, “ആയിരം കണ്ണുമായിയും...” മുതൽ “പൂക്കൾ പനിനീർ പൂക്കൾ...”വരെ ആ മനുഷ്യൻ ഒരുക്കിയ ഗാനങ്ങൾ മുതിർന്ന തലമുറയുടെ മനസ്സിൽ മധുരം കിനിയുന്ന ഗൃഹാതുരതയാലും പുതുതലമുറയുടെ “സ്റ്റാർ സിംഗർ” പ്രിയഗാനങ്ങളായും അനശ്വരത നേടി. സിനിമയില്ലാത്ത സമയത്തും സംഗീതാധ്യാപനം, സംഗീതപരിശീലനം, ദൈവാലയസംഗീതം തുടങ്ങിയവയുമായി സംഗീതത്തിൽത്തന്നെ ജീവിച്ചു, സംഗീതത്തിൽമാത്രം. ബാക്കിയെല്ലാം ആജീവിതത്തിൽ അപ്രസക്തങ്ങളായി - പണവും പേരും പ്രശസ്തിയും ബന്ധങ്ങൾപോലും.

ഭാര്യ അകാലത്തു മരണമടഞ്ഞ്, മൂന്നു പെൺമക്കൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ചേക്കേറിയപ്പോൾ അയാൾ, തന്റെ പ്രായത്തിന്റെ എൺപതുകളിലും ഏകാഗ്രതയോടെ, മോഹങ്ങളോ പരാതികളോ ഇല്ലാതെ കൊച്ചി നഗരത്തിന്റെ തെരുവുകളിലൂടെ തിരക്കിട്ട് നടന്നുപോകുന്നു - സ്റ്റുഡിയോകളിൽനിന്ന് സംഗീതവിദ്യാലയങ്ങളിലേക്ക്; തന്റെ കൊച്ചു വാടകവീട്ടിലെ ഏകാന്തതയിൽനിന്ന് പരിമിതമായ സുഹൃദ്സദസ്സുകളിലേക്ക്... നിത്യസൗഹൃദം പക്ഷേ, സംഗീതത്തോടുമാത്രം.

ഇത് തോമസ് ജെറോം വെളീപ്പറമ്പിൽ എന്ന ജെറി അമൽദേവ്. മെഹബൂബിനും എം.കെ. അർജുനനും യേശുദാസിനും മറ്റനേകം സംഗീതജ്ഞർക്കും ജന്മമേകിയ പടിഞ്ഞാറൻകൊച്ചിയുടെ പ്രിയപുത്രൻ. ഹിന്ദുസ്ഥാനിയിലെ മധുരഗാനങ്ങളിൽ യൂറോപ്യൻ ഓർക്കെ

സ്ട്രയുടെയും ഹാർമണിയുടെയും ലാവണ്യം ചാലിച്ച്, തനി കേരളീയ താളവാദ്യങ്ങളുടെ ലാളിത്യവും ഗ്രിഗോറിയൻ ചാന്റിന്റെ ഗാംഭീര്യവും കൂട്ടിയിണക്കി സംഗീതത്തിൽ അൽഭുതങ്ങൾ സൃഷ്ടിക്കുന്നയാൾ.

കാലത്തിന്റെ മാറ്റങ്ങളെ അതിജീവിക്കുന്നതാണ് ജെറി അമൽദേവിന്റെ സംഗീതം. സൗഖ്യദായകമായൊരു ഔഷധംപോലെ ഹൃദയത്തെ, ആത്മാവിനെ കഴുകി ശുദ്ധീകരിക്കുന്നതാണത്. "പ്രകാശനാളം ചുണ്ടിൽമാത്രം..." കേട്ട് ആത്മഹത്യയിൽനിന്ന് പലവുരു രക്ഷപ്പെട്ട ആ പെൺകുട്ടിയും "നാഥൻ കൃപാലു ഇടയൻ..." ശ്രവിക്കുമ്പോൾ ലഭിച്ച രോഗശാന്തി സാക്ഷ്യപ്പെടുത്തിയ ഒരു യുവാവും ഈ സംഗീതത്തിന്റെ അലൗകികതലങ്ങൾ അനാവരണം ചെയ്യുന്നു.

ജെറി അമൽദേവിന്റെ സംഗീതജീവിതത്തെ സമഗ്രമായി അനാവരണം ചെയ്യുക എന്നത് ഒരു പതിറ്റാണ്ടിലധികമായി കൊണ്ടുനടന്ന ഒരാഗ്രഹമായിരുന്നു എനിക്ക്. അതു വൈകിയത് അദ്ദേഹത്തിന്റെ തിരക്കുകളും ഒപ്പം മാധ്യമങ്ങളോടുള്ള താൽപ്പര്യക്കുറവും പിന്നെ എന്റെ അസൗകര്യങ്ങളുംമൂലമായിരുന്നു. സാഹചര്യങ്ങൾ ഒത്തുവന്നപ്പോൾ മാസങ്ങൾനീണ്ട, രാവും പകലുകളുമൊക്കെയായുള്ള അഭിമുഖങ്ങൾ, കഥാപുരുഷനുമായും ബന്ധപ്പെട്ട മറ്റു നിരവധിപേരുമായും.

അദ്ദേഹത്തിന്റെ ആത്മകഥയുടെ സഹരചയിതാവാകുക എന്ന നിയോഗവും ഒപ്പമുണ്ടായിരുന്നു. വാസ്തവത്തിൽ, ആഴവും പരപ്പുമുള്ള ആജീവിതത്തെ രണ്ടുതരത്തിലും സമീപിക്കേണ്ടതുണ്ട്. മാത്രമല്ല, ദൃശ്യ-ശ്രാവ്യമാധ്യമങ്ങളുടെ പിൻബലത്തോടെയും അത് ആവിഷ്കരിക്കേണ്ടിവരും. എന്നാലേ അതു കുറെയെങ്കിലും പൂർണമാകൂ. അതിന്റെ ഭാഗമാണ് ഈശ്രമം.

**1. 'പിഗ്മി സൈഗാൾ'**

1940 കളുടെ അവസാനം. കുഞ്ഞുജെറി എറണാകുളത്ത് സെയ്ന്റ് ആൽബർട്ട്സ് സ്കൂളിൽ പഠിക്കുന്നു. അവൻ രണ്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ് റോഡിന്റെ നേരേയെതിർവശത്തായി സെയ്ന്റ് ആൽബർട്ട്സ് കോളജ് ആരംഭിച്ചത്, 1946 ൽ. എറണാകുളത്തെ പ്രശസ്തമായൊരു മ്യൂസിക് ക്ലബ്ബിലെ അംഗമാണ് അക്കാലത്ത് ആ ബാലൻ. ദൈവാലയങ്ങളിലും വിദ്യാലയങ്ങളിലും മറ്റുമൊക്കെ പരിപാടികൾക്ക് അവനെ പാടാൻ വിളിക്കും. ലതാ മങ്കേഷ്കറുടെയും മുഹമ്മദ് റഫിയുടെയുമൊക്കെ ഹിന്ദി സിനിമാഗാനങ്ങളാണ് അവൻ പാടുക. സെയ്ന്റ് ആൽബർട്ട്സ് കോളജിലെ ഒരു പരിപാടിക്ക് അവനെ പാടാൻ വിളിച്ചു.

മൈക്കിനു മുന്നിൽ അവൻ ചെന്നു നിന്നപ്പോൾ ഒരു പ്രശ്നം: മൈക്കിന്റെ സ്റ്റാൻഡ് താഴ്ത്താൻ പറ്റുന്നില്ല. പയ്യനാണെങ്കിൽ പൊക്കവും കുറവ്. എന്തു ചെയ്യുമെന്നറിയാതെ സംഘാടകർ കുഴങ്ങി. അപ്പോൾ അവിടെയുണ്ടായിരുന്ന പ്രൊഫസർ മാധവൻ ഒരു പണിചെയ്തു: ഗായകനെ എടുത്ത് മേശപ്പുറത്തു നിറുത്തി. അപ്പോൾ മുഖം മൈക്കിന് സമം. അവൻ പാടാൻ തുടങ്ങുന്നതിനു മുൻപ് പ്രൊഫസർ ഒരു അനൗൺസ്മെന്റ് നടത്തി:

"This is our pigmy Sehgal!"

തന്നെ മഹാഗായകനായ സൈഗാളിനോട് താരതമ്യപ്പെടുത്തുക! ഇതിൽപ്പരം അഭിമാനകരമായി എന്തുണ്ട്! അവൻ ആത്മവിശ്വാസത്തോടെ പാടി. സകലരും കൈയടിച്ച് അഭിനന്ദിക്കുകയും ചെയ്തു.

ആ വർഷങ്ങളിൽത്തന്നെ കൗതുകകരമായ മറ്റൊരു സംഭവവുമുണ്ടായി. ജെറിയുടെ നേരേമൂത്ത ജ്യേഷ്ഠൻ ബാസ്റ്റിൻ അംഗമായ ഫോർട്ടുകൊച്ചിക്കടുത്ത് കൂവപ്പാടത്തെ ഓറിയന്റൽ മ്യൂസിക് ക്ലബ്ബിന്റെ ഒരു പരിപാടിക്ക് അവനു ക്ഷണം കിട്ടി. മെഹബൂബും മറ്റുമൊക്കെ പാടുന്ന, കർണാട്ടിക് ശൈലിക്കാരനായ യേശുദാസ് എന്ന ബാലന് കാര്യമായ പ്രവേശനമില്ലാത്ത ക്ലബ്ബ്. പരിപാടിക്ക് എന്തുപാട്ടു പാടണമെന്നു ചിന്തിച്ച ആ എട്ടാംക്ലാസുകാരന്റെ മനസ്സിലേക്കു വന്നത് യാതൊരർത്ഥവുമില്ലാതെ താൻതന്നെ ഉണ്ടാക്കിയ ഒരു പാട്ടായിരുന്നു - ഗ്രാമഫോൺ റെക്കോഡുകളിലൂടെ കേട്ടുശീലിച്ച നൗഷാദ് അലി, ചിതൽക്കർ രാമചന്ദ്ര, അനിൽ ബിശ്വാസ് തുടങ്ങിയ സംഗീതപ്രതിഭകളുടെ ശൈലിയിൽ പടച്ചുണ്ടാക്കിയ ഒരു പാട്ട്.

"സുൻതേ മഹീനേ മേം ആജാരീ ആജാ..." എന്നു തുടങ്ങുന്ന അർത്ഥരഹിതമായ ഏതാനും വരികൾ. അതു മനസ്സിൽ പാടിയുറ

കൾ ഓട്ടം തുടങ്ങി.

റിക്ഷാ വണ്ടികളാണ് അന്ന് ഗതാഗതത്തിന് ആശ്രയം. കായൽദ്വീപുകളിലേക്ക് കെട്ടുവള്ളങ്ങളും പ്രധാനറൂട്ടുകളിൽ ആവി എൻജിൻവെച്ച ബോട്ടുകളുമുണ്ട്. പോളങ്കിളിനോടൊപ്പം ഒരു റിക്ഷാ വണ്ടിയിൽ ജെറി കലൂരുള്ള അമ്മവീട്ടിലേക്കു പോയി. അപ്പോൾ വർഷം 1945.

ജെറി ജനിച്ച 1939 ൽ സർ റോബർട്ട് ബ്രിസ്റ്റോ എന്ന ബ്രിട്ടീഷ് എൻജിനീയർ കായൽത്തുരുത്തുകൾ നികർത്തി ഒന്നിച്ചുചേർത്ത് വില്ലിംഗ്ഡൺ ഐലൻഡ് സൃഷ്ടിക്കുകയും ഇന്നത്തെ തുറമുഖത്തിന്റെ അടിസ്ഥാനഘടന പൂർത്തീകരിക്കുകയും ചെയ്തിരുന്നു. എങ്കിലും തേവര, ഹാർബർ പാലങ്ങളിലൂടെ കൊച്ചി-എറണാകുളം ഗതാഗതം പുഷ്ടിപ്പെട്ടിരുന്നില്ല.

രണ്ടാം ലോകമഹായുദ്ധം അതിന്റെ പരകോടിയിൽ എത്തിനിൽക്കുന്ന കാലമായിരുന്നു. അന്ന് ജപ്പാന്റെ ആക്രമണഭീതിയിലായിരുന്നു ബ്രിട്ടീഷ് ഇന്ത്യ, വിശേഷിച്ചും കൊച്ചിപോലുള്ള തുറമുഖനഗരങ്ങൾ. ''ജാപ്പനീസ് വിമാനങ്ങൾ ബോംബിടുമെന്നു ഭയന്നാണ് ഞങ്ങൾ എറണാകുളം ചന്തത്തോടിനടുത്ത് ഇന്ന് ജോയ് ആലുക്കാസിന്റെ കൂറ്റൻ കെട്ടിടമിരിക്കുന്ന ഭാഗത്തുനിന്ന് കലൂരിലേക്ക് താമസം മാറ്റിയത്,'' ജെറി അമൽദേവിന്റെ ഇന്നുജീവിച്ചിരിക്കുന്ന ഏക അമ്മാവൻ എം.എസ്. ജോർജ് ഓർമിക്കുന്നു.

അതിനുമുൻപേ അവരുടെ യഥാർത്ഥവീടും പറമ്പും ജപ്തിയിലായി. ''അപ്പൻ ഒരു ആത്മസുഹൃത്തിന്റെ വായ്പയ്ക്ക് ജാമ്യം നിന്നതാണ്. വായ്പ തിരിച്ചടയ്ക്കാതെയായപ്പോൾ ഈടുവെച്ച സ്വന്തം വസ്തുവകകൾ നഷ്ടപ്പെട്ടു. പിന്നെ അടുത്തുതന്നെ ഒരു വാടകവീട്ടിലേക്കു മാറുകയാണു ചെയ്തത്,'' അദ്ദേഹം പറഞ്ഞു.

ഇന്നത്തെ തിരക്കേറിയ കലൂർ ബസ് സ്റ്റാൻഡിനും മെട്രോ സ്റ്റേഷനും തെല്ലു തെക്കുമാറി ചില്ലിക്കൂടൻ കുടുംബക്കാരുടെ വാടകവീട്ടിലായിരുന്നു മൂഞ്ഞപ്പള്ളി ദേവസ്സിയും ഭാര്യ അന്നമ്മയും മക്കളും താമസിച്ചിരുന്നത്. അവരുടെ ആദ്യസന്താനമായിരുന്നു ജെറിയുടെ അമ്മ മേരി. നേരേയിളയ അനുജൻ ജോസഫ് വരാപ്പുഴ അതിരൂപതയിലെ വൈദികനായിരുന്നു - വാസ്തുവിദ്യാവിദഗ്ധൻ കൂടിയായിരുന്നു ഫാദർ ജോസഫ് മൂഞ്ഞപ്പള്ളി. അതിനിളയ അനുജനായിരുന്നു എം.എസ്. ജേക്കബ്. നല്ലൊരു എഴുത്തുകാരനായിരുന്നു അദ്ദേഹം.

ജേക്കബ് മൂഞ്ഞപ്പള്ളി എഴുതിയ ഒരു കഥയാണ് പിന്നീട് 'നിർമല'

ജെറിയെക്കൊണ്ട് ഫാ. മൈക്കിൾ പനയ്ക്കൽ പാട്ടുകൾ പാടിപ്പിച്ച് ശ്രുതിഭംഗങ്ങൾ തിരുത്തി. അദ്ദേഹത്തിന് അവന്റെ പാട്ട് നന്നേയിഷ്ടപ്പെട്ടു. ബോസ്കോ കലാസമിതിക്ക് ആബാലൻ ഒരു കരുത്തായിത്തീരുമെന്ന് അദ്ദേഹം മനസ്സിലാക്കിയിരിക്കണം. അവനെ അതിൽ ചേർക്കാൻ അദ്ദേഹം താൽപ്പര്യപ്പെട്ടു. അമ്മാവന്മാർ സമ്മതിച്ചെങ്കിലും അമ്മൂമ്മയ്ക്ക് എതിർപ്പ്. സംഗീതം പലരെയും വഴിപിഴപ്പിച്ചിട്ടുണ്ടെന്ന് അവർ വാദിച്ചു.

"പാട്ടുംപാടി നടന്നാൽ ഇവന്റെ സ്വഭാവം ചീത്തയായിപ്പോകും," അമ്മൂമ്മ മൈക്കിളച്ചനോടു പറഞ്ഞു. അദ്ദേഹമപ്പോൾ ബോസ്കോ കലാസമിതിയെക്കുറിച്ചും താനത് സ്ഥാപിക്കാനിടയായ സാഹചര്യത്തെക്കുറിച്ചും അമ്മൂമ്മയോട് വിശദമാക്കി. യുവജനങ്ങളുടെ മാതൃകയായി കത്തോലിക്കാസഭ ഉയർത്തിക്കാട്ടുന്ന വിശുദ്ധരിലൊരാളായ ഡോൺ ബോസ്കോയുടെ നാമധേയത്തിലുള്ളതാണ് ഈ ക്ലബ്ബ്. ശ്രീലങ്കയിലെ കാൻഡിയിൽ പോപ്പിന്റെ നേരിട്ടുള്ള ഭരണത്തിൽ അക്കാലത്തുണ്ടായിരുന്ന പേപ്പൽ സെമിനാരി അഥവാ വൈദികപാഠശാലയിൽ പഠിക്കവേ മൈക്കിളച്ചൻ വിശുദ്ധ ബോസ്കോയുടെ ആത്മീയതയിൽ ആകൃഷ്ടനാകുകയായിരുന്നു.

കാര്യങ്ങളൊക്കെ കേട്ടപ്പോൾ അമ്മൂമ്മ വഴങ്ങി, ഒരു വ്യവസ്ഥയിൽ – "ഇവനെ അച്ചന്റെ മുമ്പിൽനിന്നു വിടരുത്!"

ബാലനായ ജെറിയെ സംബന്ധിച്ചടത്തോളം ഒരു സംഗീത സർവകലാശാലതന്നെയായിരുന്നു ബോസ്കോ കലാസമിതി. സ്കൂൾ വിട്ടാൽ കാർമലുമൊന്നിച്ച് ഏതാനുംവാര പടിഞ്ഞാറോട്ടു നടന്നാൽമതി, ബാനർജി റോഡിന്റെ അറ്റത്ത് ഇരുവശങ്ങളിലുമായി ഇരുവരുടെയും ക്ലബ്ബുകൾ. വീട്ടിൽനിന്ന് കഷ്ടി ഒരു കിലോമീറ്റർ അകലെ. തന്നേക്കാൾ മുതിർന്ന കുറെ സംഗീതപ്രതിഭകളുടെ ഇടയിലേക്കാണ് ജെറി എത്തിപ്പെട്ടത്: ഗായകനും സംഗീതസംവിധായകനും വീണാവാദകനുമായ ജോബ് മാസ്റ്റർ, അദ്ദേഹത്തിന്റെ സന്തതസഹചാരിയായിരുന്ന ജോർജ് മാസ്റ്റർ. പള്ളിസ്കൂൾ ഗണിതാധ്യാപകനും മൃദംഗവിദ്വാനുമായിരുന്നു ജോർജ്. ഇരുവരും സംഗീതസംവിധാനത്തിൽ ജോബ് ആൻഡ് ജോർജ് എന്ന ടീമായി അറിയപ്പെട്ടു. അവരിരുവരും ഒരുമിച്ച് നിരവധി ആൽബങ്ങൾ ഇറക്കി.

ഇവയിലെ 'സ്വർഗസന്ദേശം' എന്ന ആൽബത്തിൽ പ്രശസ്തമായൊരു ഗാനമുണ്ട്, "ഞാനുറങ്ങാൻപോകും മുൻപായ് നിനക്കേകുന്നിതാ നന്ദി നന്നായ്; ഇന്നു നീ കാരുണ്യപൂർവം ചെയ്ത നന്മകൾക്കൊക്കേയ്ക്കുമായി..." വർഗീസ് മാളിയേക്കൽ എന്ന കവിയാ

കാരണവും അതുതന്നെ."

വ്യത്യസ്തമായൊരു ട്യൂണിലുള്ള ടാഗോറിന്റെ 'വന്ദേമാതരം' ജെറിയുടെ മനസ്സിൽനിന്നും മാഞ്ഞുപോയില്ല. പിൽക്കാലത്ത് തന്റെ സംഗീതസംഘമായ 'സിംഗ് ഇന്ത്യ വിത് ജെറി അമൽദേവ്' അത് പല പരിപാടികളിലും ഉപയോഗിച്ചു. അതൽപ്പം ഭേദപ്പെടുത്തി, താൻ സംഗീതമൊരുക്കിയ 'ആക്ഷൻ ഹീറോ ബിജു' എന്ന ജനപ്രിയസിനിമയിൽ ചേർത്തതോടെ സാധാരണ ജനങ്ങൾക്കും ആസ്വാദ്യമായി.

വൈദികപരിശീലനത്തിലെ നൊവീഷ്യേറ്റ് പൂർത്തിയാക്കിയ ജെറിയും മറ്റു പത്തുപേരും ഫിലോസഫി പഠനകാലഘട്ടത്തിലേക്ക് പ്രവേശിച്ചു. പോപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രൗഢമായ പേപ്പൽ സെമിനാരികളിലൊന്ന് പുണെയിലുണ്ട്. മുൻപത് ശ്രീലങ്കയിലെ കാൻഡിയിൽ ആയിരുന്നു. അവിടെയായിരുന്നു എസ്.വി.ഡി. സഭ ഈ ബാച്ചിനെ ഫിലോസഫി കോഴ്സിന് അയച്ചത്.

ജെറിയെ സംബന്ധിച്ചിടത്തോളം വളരെ നിർണായകമായ ഒരു കാലഘട്ടത്തിലേക്കുള്ള പ്രവേശനം. "പുണെയിലെ എസ്.വി.ഡി. ഹൗസിൽ താമസിച്ചായിരുന്നു ഞങ്ങൾ സെമിനാരിയിൽ പഠിക്കാൻ പോയിരുന്നത്," അന്നത്തെ ഓർമകൾ അദ്ദേഹത്തിൽ ഇന്നും സജീവം. "ലത്തീനായിരുന്നു പഠനമാധ്യമവും ക്യാംപസിലെ സംസാരഭാഷയും. സ്കൂളിൽ പഠിച്ച സംസ്കൃതവും ലത്തീനും തമ്മിലുള്ള സാദൃശ്യം പലതരത്തിലും എനിക്ക് അനുഭവവേദ്യമായി. ലോകത്തിലെ ഈ രണ്ടു ശ്രേഷ്ഠഭാഷകളുമായുള്ള സമ്പർക്കം എനിക്ക് വലിയ ഗുണം ചെയ്തിട്ടുണ്ട്."

തത്വശാസ്ത്രത്തോടൊപ്പം സംഗീതവും പഠിക്കാൻ സഭാധികൃതർ ജെറിക്ക് സൗകര്യം ചെയ്തുകൊടുത്തു. ഹിന്ദുസ്ഥാനി വായ്പാട്ട് പഠിക്കാൻ മധുസൂദനൻ പട്വർധൻ എന്ന ഗുരുവിന്റെ കീഴിലാണ് ആദ്യം ചേർന്നത്. തുടർന്ന് മുംബൈയിലെ അന്ധേരിയിൽ 'ഗ്യാൻ ആശ്രമ'ത്തിൽ താമസക്കവേ എസ്.സി.ആർ. ഭട്ടിന്റേയും കെ.ജി. ഗിൻഡേയുടെയും കീഴിൽ വായ്പ്പാട്ട്, തബ്ല എന്നിവയിലെ പരിശീലനം തുടർന്നു. ഹിന്ദുസ്ഥാനിയിൽ ചിട്ടപ്പെടുത്തിയ പഴയ ഹിന്ദി ചലച്ചിത്രഗാനങ്ങളുമായി ബാല്യംമുതൽക്കേ പരിചയമുണ്ടായിരുന്ന ജെറിക്ക് ഈ പഠനങ്ങൾ വലിയ അറിവും ആത്മവിശ്വാസവുമാണ് പകർന്നുകൊടുത്തത്.

ഫിലോസഫി പഠനശേഷം എസ്.വി.ഡി.ക്കാർ തങ്ങളുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ ഒരു വർഷത്തെ

കരണത്തിന്റെയും നൊട്ടേഷനുകൾ വെവ്വേറെ എഴുതിയെടുക്കണം. വയലിന്റെ ബിറ്റുകളാണ് ഏറെ ശ്രദ്ധിക്കേണ്ടത്. എന്നിട്ട് നമുക്ക് പണി തുടങ്ങാം." ഇതും പറഞ്ഞിട്ട് നൗഷാദ് വീണ്ടും പോയി.

തന്റെ ആദ്യജോലി വളരെ ആവേശത്തോടും അതീവസൂക്ഷ്മത യോടുംകൂടി ജെറി ചെയ്തുതീർത്തു. നൊട്ടേഷനുകളെല്ലാം വായിച്ചു നോക്കിയ നൗഷാദിനു തൃപ്തിയായി.

"പാൽക്കീയിൽ മറ്റൊരു പാട്ടുണ്ട്, ലതാജി പാടിയ 'ജാനേ വാലേ തേരാ ഖുദാ...' അതു കേട്ടിട്ടുണ്ടോ?" അദ്ദേഹം ചോദിച്ചു.

തനിക്കത് മുഴുവൻ ഹൃദിസ്ഥമാണെന്നു ജെറി പറഞ്ഞപ്പോൾ അടുത്ത ചോദ്യം: "എന്നാൽ, അതു വീണ്ടും ലതാജി പാടി റെക്കോഡു ചെയ്യുമ്പോൾ ഓർഗണിൽ അകമ്പടി വായിക്കാമോ?"

ചോദ്യം കേട്ടതും ആയുവാവിന്റെ മനസ്സിൽ സന്തോഷത്തിന്റെ വേലിയേറ്റമുണ്ടായി - ഇന്ത്യയുടെ വാനമ്പാടി, ലോകമെങ്ങും ഒട്ടെല്ലാഭാഷകളിലും ആരാധകരുള്ള ലതാ മങ്കേഷ്കർക്കൊപ്പം റെക്കോഡിംഗിൽ പങ്കെടുക്കുക! ജെറി സമ്മതിച്ചു.

'ദർബാറീ കാനഡ' എന്ന ഹിന്ദുസ്ഥാനി രാഗത്തിലായിരുന്നു പാട്ട്. അതിനുള്ള കോർഡുകൾ രചിച്ചതും ജെറിതന്നെ. പിന്നീട്, പാട്ടു പഠിക്കാൻ ലത നൗഷാദിന്റെ വീട്ടിൽ വന്നപ്പോൾ ഒപ്പമിരുന്ന് ഈണം മൂളിക്കൊടുക്കാനും ഗുരു പഠിപ്പിക്കുമ്പോൾ ട്യൂൺ മാറിപ്പോയാൽ ഓർമിപ്പിക്കാനുമൊക്കെ ജെറിയെ ഒപ്പംകൂട്ടി - മലയാളത്തിൽനിന്ന് അതുവരെ മറ്റാർക്കും ലഭിച്ചിട്ടില്ലാത്ത സൗഭാഗ്യം!

**ലത മങ്കേഷ്കർ എന്ന വിസ്മയം**

ഗോവയിലെ മങ്കേഷി ഗ്രാമത്തിൽനിന്ന് പോർച്ചുഗീസ് അധിനിവേശകാലത്ത് പലായനംചെയ്ത ഒരു കുടുംബത്തിലാണ് ലത ജനിച്ചത്. അമ്മയുടെയും അച്ഛന്റെയും വഴിക്ക് വിവിധ സാംസ്കാരിക-ഭാഷാധാരകൾ ലതയുടെ ജനിതകരേഖയിൽ ലയിച്ചുചേർന്നിരുന്നു. ജെറിയേക്കാൾ പത്തുവയസ്സു മൂപ്പുള്ള അവരുടെ ആദ്യനാമം ഹേമ എന്നാണ്. അതുപിന്നെ ലതികയും ലതയുമായിമാറി. അച്ഛൻ ദീനാനാഥും മുത്തശ്ശി യേസുഭായിയും നല്ല ഗായകരായിരുന്നു. ഒരു നാടകപ്രസ്ഥാനവുമായി നാടോടിയെപ്പോലെ ജീവിച്ചയാളായിരുന്നു ദീനാനാഥ്.

ലതയ്ക്ക് 13 വയസ്സുള്ളപ്പോൾ പിതാവു മരിച്ചു. പിന്നെ, പെൺമക്കൾ മാത്രമുള്ള കുടുംബത്തിന്റെ ഭാരം മൂത്തവളായ ലതയുടെ ചുമലിലായി. അനുജത്തിമാരെല്ലാം പാടും. ആദ്യം ചിലസിനിമകളിൽ പാടി അഭിനയിച്ചു. പിന്നെ സംഗീതത്തിൽ മാത്രമായി ശ്രദ്ധ. ഒരുപാട് കഷ്ട

ജെറി ഓർമിക്കുന്നു. "സെമിനാരിയിൽ ഹ്യുമാനിറ്റീസ് വിഷയങ്ങൾ പഠിച്ചിരുന്നതിനാൽ നാലുവർഷത്തിലെ രണ്ടുവർഷവും എനിക്ക് ഒഴിവായിക്കിട്ടി." വൈസ് ചാൻസലർക്കു തുല്യമായ അധികാരങ്ങ ളുള്ള ചെയർപേഴ്സൺ ആയിരുന്നു യൂണിവേഴ്സിറ്റി ഭരിച്ചിരുന്നത് – സിസ്റ്റർ മേരി മാദലീൻ. സിസ്റ്റർ ആലീസ് യൂജിൻ ടൈ എന്ന അയർലൻഡുകാരിയെ ജെറിക്ക് മെന്റർ ആയും കിട്ടി. അവർ തന്നെ യായിരുന്നു പിയാനോ അധ്യാപികയും.

"ഈ രണ്ടു സിസ്റ്റർമാരും ജെറിയോട് വലിയ വാൽസല്യം കാട്ടി യിരുന്നു," സേവ്യർ യൂണിവേഴ്സിറ്റിയിൽത്തന്നെ ഫാർമസി കോഴ്സ് പഠനം പൂർത്തിയാക്കിയ കാർമൽ ഓർമിക്കുന്നു. "കോഴ്സിനു അപേ ക്ഷയോടൊപ്പം വിദ്യാർത്ഥികൾ സ്വന്തമായി ഉണ്ടാക്കിയ ഒരുപാട്ട് അയ ക്കണമെന്നായിരുന്നു വ്യവസ്ഥ. ജെറി അതിന് അയച്ചുതന്ന പാട്ടിന്റെ നൊട്ടേഷൻ സിസ്റ്റർ മാദലീന് ഏറെ ഇഷ്ടമായി. 'ഇവന് എല്ലാം അറിയാം; പാഠപുസ്തകവിജ്ഞാനത്തിന്റെ കുറവേയുള്ളൂ' എന്നാണ് സിസ്റ്റർ എന്നോടു പറഞ്ഞത്."

പ്രഗൽഭരായ അധ്യാപകരുടെ കീഴിൽ പഠിക്കാൻ ജെറിക്ക് അവ സരം കിട്ടി. സംഗീതശാസ്ത്രമായിരുന്നു ഒന്നാമത്തെ വിഷയം. ഹാർമ ണി, കൗണ്ടർ പോയിന്റ് അഥവാ കൗണ്ടർ മെലഡി, കോർഡുകൾ എന്നിവയാണ് പ്രധാനമായും ഇതിൽ വരുന്നത്. സംഗീതചരിത്രം, സംഗീതവിശകലനം, ഓർക്കെസ്ട്രേഷൻ, കോറൽ കണ്ടക്ടിംഗ്, ഇൻസ്ട്രുമെന്റൽ കണ്ടക്ടിംഗ് തുടങ്ങിയ വിഷയങ്ങളും പഠിക്കണ മായിരുന്നു. 'മൈനർ' അഥവാ സബ്സിഡിയറിയായി എടുത്തത് പിയാ നോയാണ്. ജെറിയുടെ പ്രതിഭ ശരിക്കും മനസ്സിലാക്കിയ പിയാനോ പ്രൊഫസർ സിസ്റ്റർ ആലീസ് അവനോട് മ്യൂസിക് കണ്ടക്ടർ ആക ണമെന്ന് ഇടയ്ക്കിടെ ഉപദേശിക്കുമായിരുന്നു.

ആഘോഷപരവും ഏറെ കലാപരവുമായ കൺസേർട്ട് കൊയർ എന്ന സംഘഗാനത്തെക്കുറിച്ച് പഠിപ്പിച്ചിരുന്നത് റോജർ എന്ന പ്രൊഫ സറാണ്. ജെറിയെ അദ്ദേഹം ആ ഗായകസംഘത്തിലെ 'ടെനർ' അഥവാ മുഖ്യഗായകനാക്കി. ഓർഗൺ വിഭാഗം പ്രൊഫസർ സിസ്റ്റർ ബ്രീഡയും ജെറിയോട് ഏറെ വാൽസല്യവും കരുതലും കാട്ടിയിരു ന്നു. പിയാനോയോട് സാദൃശ്യമുള്ള ഉപകരണമാണ് ഓർഗൺ. പിയാ നോയിൽ കീയിൽനിന്ന് വിരലെടുത്താലും നാദം ഏതാനും നിമിഷ ങ്ങൾ നീണ്ടുനിൽക്കും എന്നതാണ് പ്രധാനവ്യത്യാസം.

പഠനം, ഭക്ഷണം, താമസം എന്നിവയ്ക്കുള്ള ചെലവ് സ്കോളർഷി പ്പായി കിട്ടുന്ന സൗകര്യത്തോടെയാണ് ജെറി യൂണിവേഴ്സിറ്റിയിൽ

പൂക്കളി'ലേക്കുള്ള പ്രവേശനത്തിന് സഹായിച്ചു.

ഇന്ത്യയിൽനിന്നും തിരികെയെത്തിയ ജെറി ക്യൂൻസിലെ ജോലി തുടർന്നു. സംഗീതകാരൻ എന്ന നിലയിൽ അമേരിക്കയിൽ ചുവടുറപ്പിക്കാനാകും എന്ന് തോന്നിത്തുടങ്ങിയ കാലമായിരുന്നു അത്. തനിക്കിഷ്ടപ്പെട്ട അധ്യാപനവും പാട്ടുണ്ടാക്കലും ഒക്കെയായി ജീവിതം കരുപ്പിടിപ്പിക്കാമെന്ന ആത്മവിശ്വാസം. പക്ഷേ, കാര്യങ്ങൾ തകിടം മറിഞ്ഞത് പെട്ടെന്നാണ്. ഒരുദിവസം ക്യൂൻസ് കോളജ് ഡയറക്ടർ ജെറിയടക്കം ജൂനിയർ സ്റ്റാഫിനെയെല്ലാം വിളിച്ചുകൂട്ടി. എന്നിട്ട് ഒരു പ്രഖ്യാപനം: കോളജിന്റെ സാമ്പത്തികസ്ഥിതി അങ്ങേയറ്റം പരുങ്ങലിലാണ്. ശമ്പളം തരാൻ നിവൃത്തിയില്ല. വേറെ വഴിനോക്കിക്കോ.

യു.എസ്. അടക്കമുള്ള നിരവധി പാശ്ചാത്യരാജ്യങ്ങളെ പിടിച്ചുലച്ച 'പെട്രോളിയം പ്രതിസന്ധി'യായിരുന്നു കാരണം. രാജ്യം സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത് എന്ന് ജെറി മനസ്സിലാക്കിയിരുന്നു. പക്ഷേ, തന്റെ തൊഴിൽ നഷ്ടപ്പെടുത്താൻ മാത്രം അത് അത്ര ശക്തമാണെന്ന് അദ്ദേഹം കരുതിയിരുന്നില്ല. സംഗീതത്തിൽ മാത്രം മുഴുകി ജീവിച്ചിരുന്ന ആ യുവാവ് രാഷ്ട്രീയവും സാമ്പത്തികവുമായ കാര്യങ്ങളിൽ അത്ര ശ്രദ്ധാലുവായിരുന്നില്ല എന്നതാണു കാരണം. ക്രൂഡ് ഓയിലിലും പെട്രോളിയം ഉൽപ്പന്നങ്ങളിലും ഉണ്ടായ അസാധാരണമായ വിലക്കയറ്റത്തിന്റെ അലകൾ ഒരു കോളജിന്റെ നിലനിൽപ്പിനെത്തന്നെ ഉലയ്ക്കുമെന്ന് അദ്ദേഹം ചിന്തിച്ചിരുന്നില്ല.

1973 ഒക്ടോബറോടെയായിരുന്നു ഇതിന്റെ ആരംഭം. ഈജിപ്തും സിറിയയും നേതൃത്വം കൊടുത്ത അറബ് സംയുക്തസൈന്യം ഒക്ടോബർ ആറിന് ഇസ്രായേലിനെ ആക്രമിച്ചു. ക്രിസ്തുവിന് മുൻപും പിൻപുമായി ബാബിലോണിയക്കാരുടെയും റോമാക്കാരുടെയും ആക്രമണങ്ങളാൽ ലോകമെമ്പാടും ചിതറിക്കപ്പെട്ട യഹൂദർക്കായി ഐക്യരാഷ്ട്രസഭ മുൻകൈയെടുത്ത് അവരുടെ പൈതൃകഭൂമിയായ ഇസ്രായേൽ രാഷ്ടരം 1945 ൽ രൂപീകരിച്ചുകൊടുത്തതാണ് പ്രശ്നങ്ങളുടെ തുടക്കം. ജിഹാദിന്റെ ആരംഭ നൂറ്റാണ്ടുകളിൽ അറബികൾ പിടിച്ചെടുത്ത പഴയ യഹൂദനാട്ടിൽ യഹൂദർക്കായി ഒരു രാഷ്ട്രം സ്ഥാപിതമാകുന്നത് അറബി രാഷ്ട്രങ്ങൾക്ക് ഒരിക്കലും ദഹിച്ചിരുന്നില്ല. അങ്ങനെയുണ്ടായ ആക്രമണപരമ്പരയിൽപ്പെട്ടതായിരുന്നു ഈ യുദ്ധം.

ചെറുതെങ്കിലും ബുദ്ധിശക്തി, യുദ്ധവൈഭവം, ആയുധമികവ് എന്നീക്കാര്യങ്ങളിൽ ലോകോത്തരമായ യഹൂദരാഷ്ട്രം അറബിസൈന്യത്തെ കേവലം 19 ദിവസം കൊണ്ട് തുരത്തി. ഐക്യരാഷ്ട്രസഭ

ധനം ചെയ്യുന്ന ആധുനിക സംവിധാനങ്ങളൊരുക്കാൻവേണ്ട പണം ഇല്ലാതിരുന്നതിനാൽ രഘു ഒരു ഉപായം കണ്ടെത്തി-അടുത്തുള്ള എറണാകുളം മാർക്കറ്റിൽനിന്ന് കാലിച്ചാക്കുകൾ സംഘടിപ്പിച്ച് മുറിച്ചു പാകപ്പെടുത്തി ഭിത്തിയോടുചേർത്ത് തൂക്കിയിടുക!

"നമുക്ക് ഈ സ്റ്റുഡിയോ ഒന്നു മെച്ചപ്പെടുത്തണം. ആർച്ച്ബിഷപ്പിന്റെ പക്കൽ അതിനുള്ള പണമൊന്നും കാണുകയില്ല. സ്റ്റുഡിയോയിൽനിന്നുള്ള വരുമാനവും കുറവാണ്. എന്തു ചെയ്യും?" ഒരുദിവസം ഫാ. മൈക്കിൾ പനയ്ക്കൽ ജെറിയോടു ചോദിച്ചു.

കുറച്ച് അന്വേഷണങ്ങൾക്കുശേഷം, സംഗീതസംബന്ധമായ സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിന് ധനസഹായം ചെയ്യുന്ന ജർമനിയിലെ ഒരു ഏജൻസിയെക്കുറിച്ചുള്ള വിവരങ്ങൾ ജെറി സംഘടിപ്പിച്ചു. പിന്നെ, വരാപ്പുഴ അതിരൂപതയുടെ പേരിൽ ഒരു അപേക്ഷ തയാറാക്കി. അത് ജർമനിയിലേക്കയച്ചു. അവർ പച്ചക്കൊടി കാട്ടിയതോടെ വിശദമായ പദ്ധതി രൂപരേഖയും തയാറാക്കി അയച്ചു. വൈകാതെ ധനസഹായം കിട്ടി. ആ പണം ഉപയോഗിച്ച് പുതിയ സ്റ്റുഡിയോ കെട്ടിടം നിർമിക്കുകയും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. എന്നാൽ, പണം പൂർണമായും ഏറ്റവും നല്ല ഉപകരണങ്ങൾ വാങ്ങാൻമാത്രം ഉപയോഗിക്കണമെന്ന അഭിപ്രായമായിരുന്നു ജെറിക്ക്. അതു നടക്കാതെപോയതിലുള്ള ഇച്ഛാഭംഗം അദ്ദേഹം മറച്ചുവെച്ചതുമില്ല.

അങ്ങനെ കൊച്ചിയിലും എറണാകുളത്തുമായി ജീവിതം മുന്നോട്ടു പോകവേ, രണ്ടു കാര്യങ്ങൾ നടക്കുന്നുണ്ടായിരുന്നു: ഒന്ന്, പെണ്ണുകാണൽ; രണ്ട്, സിനിമയിൽ അവസരം തേടൽ. വയസ്സ് നാൽപ്പതായി. വിവാഹം ഇനിയും വൈകിക്കരുത് എന്ന് മാതാപിതാക്കളും അമ്മാവൻമാരും ജ്യേഷ്ഠൻമാരും നിർബന്ധിച്ചുതുടങ്ങി. "ദല്ലാൾമാർ മിക്ക ഞായറാഴ്ചകളിലും എന്നെയും കൂട്ടി പെണ്ണുകാണാൻ പോകും. പക്ഷേ, ഒന്നും ശരിയായില്ല," ജെറി പറഞ്ഞു.

ആയിടെ തറവാട്ടിൽവന്ന സഹോദരി ജെയ്നിന്റെ ഭർത്താവ്, കേന്ദ്ര സമുദ്രശാസ്ത്ര സ്ഥാപനത്തിലെ ശാസ്ത്രജ്ഞഞൻ ജോസഫ് മാളിയേക്കൽ ജെറിയോട് ഭാവി പരിപാടികൾ എന്താണെന്നു തിരക്കി. ആലപ്പുഴ ജില്ലയിലെ ചന്തിരൂരാണ് അദ്ദേഹത്തിന്റെ വീട്. സിനിമയിൽ സ്വതന്ത്ര സംഗീതസംവിധായകനാകുകയാണ് തന്റെ ലക്ഷ്യമെന്ന് ജെറി മറുപടി പറഞ്ഞു. നൗഷാദിനൊപ്പമുള്ള അനുഭവസമ്പത്തും യു.എസ്സിലെ പഠനത്തിൽനിന്നു നേടിയ അറിവുംവെച്ച് സ്വന്തമായി സിനിമയിൽ സംഗീതസംവിധാനം ചെയ്യാം എന്ന ആത്മവി

"വളരെ പ്രയാസപ്പെട്ടാണു ടിക്കറ്റെടുത്തത്. നല്ല തിരക്കുണ്ടായിരുന്നു. സൗണ്ട് സിസ്റ്റമൊക്കെ മോശമായിരുന്നെങ്കിലും ഓലയും പനമ്പുംകൊണ്ട് ഉണ്ടാക്കിയ തിയേറ്ററായിരുന്നതിനാൽ പാട്ടുകളൊക്കെ പ്രതിധ്വനി ഇല്ലാതെ കേൾക്കാൻ കഴിഞ്ഞു," ജെറിയുടെ വാക്കുകൾ! ഈ മനുഷ്യൻ ഇങ്ങനെയാണ്. ഒന്നിലും അധികമായ ആഹ്ലാദമോ ദുഃഖമോ ഇല്ല. ആഘോഷങ്ങളില്ലാതെ വളരെ ലളിതമായ സാഹചര്യങ്ങളിലുള്ള ജീവിതം. എൺപതു പിന്നിട്ട ഈ പ്രായത്തിലും എറണാകുളം നഗരത്തിലൂടെ ബസ്സിലും ഓട്ടോറിക്ഷയിലും പിന്നെ, കഴിവതും കാൽനടയായും യാത്രചെയ്യുന്ന മനുഷ്യൻ.

പക്ഷേ, മകനുമുൻപേ അമ്മ കൊച്ചിയിൽ അടുത്തുള്ള തിയേറ്ററിൽ പോയി 'മഞ്ഞിൽ വിരിഞ്ഞ പൂക്കൾ' കണ്ടിരുന്നു. നല്ല ഗായികകൂടിയായ അമ്മയ്ക്ക് പാട്ടുകളെല്ലാം ഇഷ്ടമായി. പിന്നെ, മകനെ കണ്ടപ്പോൾ ഒരു കമന്റ്: "ഈ ട്യൂണുകളെല്ലാം നിന്റെ തലയിൽ എവിടെയാണ് ഇരുന്നിരുന്നത്?"

"പലപ്പൊഴും ഞാൻതന്നെ അൽഭുതപ്പെട്ടിട്ടുണ്ട്, എവിടെനിന്നു വരുന്നു ഈ സംഗീതമെല്ലാം!" ജെറി കൈമലർത്തുന്നു.

**ജീവിതസഖിയായി ജോളി**

ആദ്യസിനിമയിലെ പണി കഴിഞ്ഞശേഷവും പെണ്ണുകാണൽ തുടരുന്നുണ്ടായിരുന്നു. അപ്പൊഴേക്കും ആലോചനകൾ നഗരംവിട്ട് എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളുടെ പ്രാന്തപ്രദേശങ്ങളിലേക്കും നീണ്ടുപോയി. "പെണ്ണിന് 25 വയസ്സിൽ കൂടുതൽ ഉണ്ടാകണം, നല്ല വിദ്യാഭ്യാസം വേണം: ഇത്രമാത്രമായിരുന്നു എന്റെ നിബന്ധനകൾ," ജെറി അക്കാലം ഓർത്തെടുക്കുന്നു. സ്ത്രീധനമായി സ്വർണത്തിനും പണത്തിനുമൊക്കെ നുള്ളിപ്പെറുക്കി കണക്കുപറയുന്ന കാലമാണ്. ഇദ്ദേഹം പക്ഷേ, അത്തരം കാര്യങ്ങൾ പൂർണമായി മാറ്റിവെച്ചു.

ദല്ലാൾമാരുമൊത്തുള്ള അന്വേഷണം അനന്തമായി നീളുന്നതുകണ്ട അമ്മാവൻ ജേക്കബ് കാര്യമായൊരു ഇടപെടൽ നടത്തി. തന്റെ ഭാര്യ എമിലി വഴി കുറെ ദൂരേക്ക് ആലോചന വ്യാപിപ്പിച്ചു. അങ്ങനെയാണ് പാലായ്ക്കുമപ്പുറം പൂഞ്ഞാർനിന്നും ഒരു ആലോചന വരുന്നത്. പെണ്ണ് സസ്യശാസ്ത്രം ബിരുദാനന്തര ബിരുദധാരിണി. പഠിച്ചതോ, എറണാകുളം സെയ്ന്റ് തെരേസാസ് കോളജിൽ. പ്രായവും പൊക്കവുമൊക്കെ പാകത്തിന്. കത്തോലിക്കരിലെ സീറോ-മലബാർ സമുദായക്കാരായ ഇന്തുംപ്ലാക്കൽ കുടുംബാംഗം.

ജേക്കബ് അങ്കിളിനും എമിലി ആന്റിക്കുമൊപ്പം ജെറി പെണ്ണുകാണാൻ പോയി. ചെറുക്കൻ അമേരിക്കയിൽപ്പോയി പഠിച്ച ആളാണ്,

മായി പൂവച്ചൽ ഖാദർ എന്ന കവിയുമായി സന്ധിച്ചു. 1973 ൽ 'കാറ്റു വിതച്ചവർ' എന്ന സിനിമയിൽ ഗാനങ്ങളെഴുതിക്കൊണ്ട് രംഗപ്രവേശം ചെയ്ത പ്രതിഭയാണ് ഖാദർ. അതിലെ, 'നീയെന്റെ പ്രാർത്ഥന കേട്ടു...' എന്ന ഗാനം ഇന്നും ക്രൈസ്തവദേവാലയങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. എന്നാൽ, അദ്ദേഹത്തിന്റെ ആദ്യം റിലീസ് ചെയ്ത സിനിമ 'ചുഴി' ആയിരുന്നു. 2011 വരെ അദ്ദേഹമെഴുതിയ ഗാനങ്ങൾ ആയിരത്തിനടുത്തുവരും. നാലു സിനിമകളിൽ അദ്ദേഹം ജെറിയുമായി ഒന്നിച്ചു.

ജെറി അമൽദേവ്-പൂവച്ചൽ ഖാദർ കൂട്ടുകെട്ടിൽ ആ സിനിമയിൽ പിറന്ന 'മുല്ലപ്പന്തൽ, പൂപ്പന്തൽ...,''പ്രേമത്തിൻ മണിവീണയിൽ സുര...' തുടങ്ങിയ ഗാനങ്ങൾക്ക് ഇന്നും ആസ്വാദകരേറെയാണ്. "സ്ത്രീകളുടെ സ്ഥായീഭാവം ദുഃഖമാണെന്നു സ്ഥാപിക്കുന്ന ഒരു ഗാനം അതിലുണ്ടായിരുന്നു - 'ഇനിയുമേതു തീരം...' എന്ന ഗാനം," ജെറി ഓർമിക്കുന്നു. ജയചന്ദ്രൻ മനോഹരമായി ആലപിച്ച ഒരു വിഷാദഗാനമാണത്.

'പ്രേമത്തിൻ മണിവീണ...'യിൽ ജെറി ഉപയോഗിച്ചത് താൻ നേരത്തേ തയാറാക്കിവെച്ച ഒരു ഹിന്ദുസ്ഥാനി ഈണമായിരുന്നു. പുണെയിൽ മധുസൂദനൻ പട്‌വർധന്റെ കീഴിൽ സംഗീതം പഠിക്കുമ്പോഴായിരുന്നു അത്. "രാത്രി ഞാൻ സെമിനാരിയിലിരുന്ന് അതിന്റെ നൊട്ടേഷൻ പൂർണമായി എഴുതിവെച്ചു. ഹിന്ദുസ്ഥാനി ശൈലിയിൽ ശൃംഗാരപ്രധാനമായ കല്യാണി രാഗത്തെക്കുറിച്ച് പട്‌വർധൻ പഠിപ്പിച്ച സമയത്താണ് ആയീണം മനസ്സിൽ വന്നത്. എനിക്കേറെ ഇഷ്ടപ്പെട്ട അത് ഉപയോഗിക്കാൻ ഉചിതമായ സന്ദർഭം ഒത്തുവന്നപ്പോൾ ഉപയോഗിച്ചു," ജെറി വിശദീകരിച്ചു. കർണാടകശൈലിയിലെ 'കല്യാണി' വ്യത്യസ്തമാണ്.

എഴുപതുകളിലും എൺപതുകളിലും 'ജയൻ സിനിമ'കളിലെ 'അടിപൊളി' ഗാനങ്ങളിലൂടെ പ്രശസ്തനായ സംഗീതസംവിധായകൻ കെ. ജെ. ജോയിയുടെ കീ ബോർഡ് വായനയാണ് ഈ ഗാനങ്ങളുടെ മറ്റൊരു സവിശേഷത. 'അക്കോഡിയൻ' എന്ന പാശ്ചാത്യസംഗീതോപകരണ വായനയിൽ ചെന്നൈയിലെ മുടിചൂടാമന്നൻകൂടിയായിരുന്നു ജോയി. തൃശൂരിൽനിന്ന് ചെന്നൈയിലേക്ക് കുടിയേറിയ ഒരു കുടുംബത്തിൽ ജനിച്ച അദ്ദേഹം ഇലക്ട്രോണിക് സംഗീതോപകരണങ്ങൾ ഇറങ്ങിയകാലത്ത് വാങ്ങി വാടകയ്ക്കു കൊടുത്തും ഏറെ പണമുണ്ടാക്കി.

'എൻസ്വരം പൂവിടും ഗാനമേ,' 'ഒരേരാഗ പല്ലവി നമ്മൾ...', 'ഹൃദയം

ലാണു പാടുന്നതെന്ന് ജെറി മാസ്റ്റർ ഒരു അഭിമുഖത്തിൽ പറഞ്ഞു." അതുകേട്ട ദാസാകട്ടെ, വസ്തുത അന്വേഷിക്കാതെ ഇങ്ങനെ തിരിച്ചടിച്ചത്രേ: "എന്നാൽ ഞാനിനി അയാൾക്കുവേണ്ടി പാടുകയില്ല."

ഇതുസംബന്ധിച്ച ഒരു സ്ഥിരീകരണത്തിനായി യേശുദാസുമായി ബന്ധപ്പെട്ടെങ്കിലും അദ്ദേഹം പ്രതികരിച്ചില്ല, ഇതെഴുന്നതുവരെ.

Effeminacy എന്ന വാക്കിന് 'സ്ത്രൈണത' എന്നയർത്ഥം ഒരു ആധികാരിക നിഘണ്ഡുവിലും കൊടുത്തിട്ടില്ല എന്നതാണു വാസ്തവം.

ദാസിന്റെ നിലപാട് സിനിമയിൽ തന്റെ നിലനിൽപ്പിനുതന്നെ തടസ്സമാകുന്നുവെന്നു മനസ്സിലാക്കിയ ജെറി നേരിട്ടൊരു വിശദീകരണം കൊടുത്ത് തെറ്റിദ്ധാരണ മാറ്റാമെന്നു കരുതി ചെന്നൈയിൽ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു.

"ഞാൻ പറഞ്ഞതൊന്നും അദ്ദേഹം ശ്രദ്ധിച്ചതായി തോന്നിയില്ല," ജെറി പറയുന്നു. "പകരം ഇങ്ങനെ പറയുകയാണു ചെയ്തത്: 'മുഹമ്മദ് റഫിയെയോ മന്നാ ഡെയെയോ സൈഗാളിനെയോ ഒക്കെ വിളിച്ചു പാടിക്ക്. അവരൊക്കെയല്ലേ വലിയ പാട്ടുകാർ! ഞാൻ പാടുകയില്ല."

"എന്റെ ക്ഷമാപണം സ്വീകരിക്കാൻ ദാസ് തയാറല്ലായിരുന്നു. അത് എന്നെ തോൽപ്പിക്കുക എന്ന വിലകുറഞ്ഞൊരു നിലപാടായി എനിക്കു തോന്നി."

ഇത്രയുമായപ്പൊഴേക്കും ജെറി വല്ലാതെ വികാരാധീനനായി. കണ്ണുകൾ നിറഞ്ഞു. ജീവിതത്തിൽ താൻ എന്തായിത്തീരാനാണോ ആഗ്രഹിച്ചത് അതിനു വിഘാതമായി ഒരു സംഭവം ഉണ്ടായിരിക്കുകയാണ്. താൻ തുറന്ന മനസ്സോടെ നൽകിയ വിശദീകരണം മുഖവിലയ്ക്കെടുക്കുന്നില്ലെന്നു കണ്ടപ്പോൾ ജെറി കരഞ്ഞുപോയി.

"ഗായിക സുജാതയുടെ അമ്മ അപ്പോൾ ദാസിന്റെ വീട്ടിലുണ്ടായിരുന്നു. ഞാൻ കരയുന്നതു കണ്ടപ്പോൾ അവർ അകത്തുപോയി ചായ ഉണ്ടാക്കി. എന്നിട്ട് എനിക്കു കൊണ്ടുവന്നു തന്നു," ജെറി അന്നത്തെ സംഭവങ്ങൾ ഇപ്പോൾ ഓർമിക്കുന്നത് തീർത്തും നിർവികാരതയോടെയാണ്.

മലയാളത്തിൽ തരംഗംസൃഷ്ടിച്ച സംഗീതസംവിധായകനും ജനപ്രിയഗായകനുമായുള്ള ഉടക്ക് തന്റെ ബിസിനസ്സിനു ദോഷംചെയ്യും എന്നു മനസ്സിലാക്കിയ നവോദയ അപ്പച്ചൻ പ്രശ്നത്തിൽ തുടർന്നും ഇടപെട്ടു. നേരത്തേ പറഞ്ഞതുപോലെ അദ്ദേഹം യേശുദാസിനെ വീണ്ടും വിളിച്ചു.

ങ്ങളെയും തനിച്ചാക്കി വാടകവീടു തിരക്കി പുറപ്പെട്ടു. ഏറെ ചുറ്റി നടന്നശേഷം സാലിഗ്രാമിൽത്തന്നെ ഒരു വീടിന്റെ മുകൾനില കിട്ടിയതോടെയാണ് ജോളിക്ക് ശ്വാസം നേരേ വീണത്.

ചെന്നൈയിൽ കുടുംബത്തോടൊപ്പം താമസിച്ച് സൗകര്യപ്രദമായി സ്റ്റുഡിയോകളിൽ പോയിവന്ന് ജോലിചെയ്യവേയാണ് കേരളത്തിലേക്കുള്ള വിളി. എറണാകുളത്ത് തീവണ്ടിയിറങ്ങിയ ജെറിയ കൂട്ടിക്കൊണ്ടുപോകാൻ ഫാസിൽ കാറുമായി എത്തിയിരുന്നു. ഇരുവരുംകൂടി ബ്രദേഴ്സ് ടൂറിസ്റ്റ് ഹോമിൽ ചെന്നപ്പോൾ ബിച്ചു അവിടെയുണ്ട്. ഫാസിൽ കഥ പറഞ്ഞു. കാമുകനുമായി ഒളിച്ചോടിയ മകളുടെ മകളെ കാത്തിരിക്കുന്ന ഒരു അമ്മൂമ്മ. അവരിരുവരും തമ്മിൽ കണ്ടിട്ടില്ല. ഇവരുടെ സമാഗമവും പിണക്കങ്ങളും ഇണക്കങ്ങളുമൊക്കെയാണ് കഥാതന്തു.

"സംഗീതത്തിൽ കാത്തിരിപ്പിന്റെ ഭാവം ഉണ്ടാകണം," ഫാസിൽ ആമുഖമായി പറഞ്ഞു. "പിന്നെ, ഗൃഹാതുരത്വം വേണം. കഥയും പാട്ടും വേറെവേറെ എന്ന തോന്നൽ പ്രേക്ഷകർക്ക് ഉണ്ടാകരുത്." പിന്നീട്, സംവിധായകനും നിർമാതാവും സ്ഥലംവിട്ടു; പാട്ടെഴുത്തുകാരനും പാട്ടൊരുക്കൽക്കാരനും മുറിയിൽ തനിച്ചായി. 'കാത്തിരിപ്പ്, ഗൃഹാതുരത്വം' എന്നീ വാക്കുകൾ മനസ്സിലിട്ട് ധ്യാനിച്ച് പരസ്പരം നോക്കി ബിച്ചുവും ജെറിയും കുറെനേരം ഒന്നും മിണ്ടാതെ കുത്തിയിരുന്നു.

"ഞങ്ങളങ്ങനെ മിഴുങ്ങസ്യ എന്നമട്ടിൽ ഇരിക്കവേയാണ് മേശപ്പുറത്തുണ്ടായിരുന്ന 'ചങ്ങമ്പുഴ സമ്പൂർണകൃതികൾ' എന്ന പുസ്തകം എന്റെ കണ്ണിൽപ്പെട്ടത്," ജെറി ഓർമിക്കുന്നു. "അതെടുത്ത് താളുകൾ മറിക്കവേ, 'ചങ്ങമ്പുഴയുടെ പാട്ടുകൾ' എന്ന ഭാഗം. അദ്ദേഹം പാട്ടുകളും എഴുതിയിരുന്നു എന്നകാര്യം എനിക്ക് അറിയാമായിരുന്നില്ല. അതിലെ ഒരുപാട്ടിലെ 'ശ്യാമളേ...' എന്നുതുടങ്ങുന്ന വരിയിൽ എന്റെ മനസ്സുടക്കി. അതു ഞാനൊന്നു 'നൊസ്റ്റാൾജിക്കായി' പാടാൻ ശ്രമിച്ചു. 'ശ്യാമളേ... ശ്യാമളേ...' അതുകേട്ട ബിച്ചുവും ചേർന്നു മൂളി."

"ജെറീ, നമുക്ക് ഈ ട്യൂൺതന്നെ ഒന്നു മിനുക്കിയെടുക്കാം," ബിച്ചു പ്രോൽസാഹിപ്പിച്ചു. അതോടെ ജെറി ഒരു പല്ലവി മുഴുവനായി മൂളി നോക്കി. "ലലലാ ലലലാ ലലലാലലലാ..." ബിച്ചുവിന് അതിഷ്ടപ്പെട്ടു. ഉടനെ അദ്ദേഹം പേനയും കടലാസുമെടുത്ത് എഴുതി:

'ആയിരം കണ്ണുമായ് കാത്തിരുന്നു നിന്നെ ഞാൻ
എന്നിൽനിന്നും പറന്നകന്നൊരു പൈങ്കിളീ മലർ തേൻകിളീ...'

ഒരു നിത്യഹരിതഗാനത്തിന്റെ ജന്മമുഹൂർത്തമായിരുന്നു അത്!

യി. 'തെന്നലേ തെന്നലേ താരാട്ടു പാടൂ...' എന്നതിന്റെ പണികൾ ആരംഭിച്ചപ്പോൾ തന്റെയൊരു പാട്ടിനുവേണ്ടി ഇളയരാജയും സ്റ്റുഡിയോയിൽ വന്നു. അദ്ദേഹം ചിത്രയുടെ ആലാപനവും കോറസ്സും ഓർക്കെസ്ട്രയുമെല്ലാം വെവ്വേറെയായും ഒരുമിച്ചും ശ്രദ്ധിച്ചു കേട്ടു. എല്ലാം കഴിഞ്ഞപ്പോൾ ജെറിയുടെ അടുത്തെത്തി കൈപിടിച്ചു കുലുക്കി. എന്നിട്ട് ഒരു അഭിപ്രായപ്രകടനവും:

"കൊള്ളാം ജെറി, നന്നായിട്ടുണ്ട്; അഭിനന്ദനങ്ങൾ!"

### ഒ.എൻ.വി.യോടൊത്ത് അന്ത്യഗാനം

മലയാളസിനിമയിൽ മികച്ചൊരു സൃഷ്ടിക്ക് കാരണമാകുമായിരുന്ന പ്രതിഭാസംഗമം 1986 ൽ സംഭവിച്ചു. ധാരാളം നല്ല ഗാനങ്ങളുള്ള ഒരുപിടി നല്ല ചിത്രങ്ങൾ സമ്മാനിച്ച ലെനിൻ രാജേന്ദ്രൻ ഒ. എൻ.വി. – ജെറി ജോഡിയുടെ ഗാനങ്ങളുമായി ഒരു സിനിമ ചെയ്യാൻ തുടങ്ങി. 'ജാലകത്തിലെ പക്ഷി' എന്നായിരുന്നു സിനിമയുടെ പേര്. ജെറിയുടെ പതിവുവിട്ട്, ഒ.എൻ.വി. എഴുതിയ വരികൾക്ക് ഈണമിടുകയായിരുന്നു അതിൽ. സിനിമ റിലീസായില്ലെങ്കിലും പാട്ടുകളെല്ലാം വളരെ പ്രശസ്തമായി; വിശേഷിച്ച് 'നിശയെ നിലാവു പുണർന്നു, അഗ്നിശലഭങ്ങൾ പാറിപ്പറന്നു' എന്ന ഗാനം.

ഗസൽശൈലിയിലായിരുന്നു ഈ ഗാനം. യേശുദാസും ആശാലതയും ഇത് ആലപിച്ചിട്ടുണ്ട്. ദാസിന്റെ ഗാനം ഒരു ചെറിയ ആലാപനത്തോടെയാണ് ആരംഭിക്കുന്നതെങ്കിൽ ആശാലതയുടേത് മൂളലോടെ തുടങ്ങുന്നു. ഇരുവരും ഭംഗിയായി പാടി. വിഷാദസ്പർശമുള്ള ഇത് ആസ്വാദകർ ഏറെ ഇഷ്ടപ്പെട്ടു. കോറസിന്റെയും മാൻഡോലിന്റെയും മാത്രം പശ്ചാത്തലത്തിൽ സൃഷ്ടിച്ച ഒരുഗാനവും ഇതിലുണ്ട്--ഹരിനീല വനഛായയിൽ...' യേശുദാസ് പാടിയഗാനം.

യു.എസ്സിൽവെച്ച് ഉണ്ടാക്കിയ ഒരു ഉർദു ഗസ്സലിന്റെ ഈണം ഭേദപ്പെടുത്തി സൃഷ്ടിച്ചതാണ് ഇതിലെ അടുത്തഗാനം – 'ജാലകനിഴലിൽ ഒരു പക്ഷിയായ്...' കോഴിക്കോട് സ്വദേശിയായ സതീഷ് ബാബുവാണ് ഈഗാനം ആലപിച്ചത്. "നല്ല ഗായകനായിരുന്നു അദ്ദേഹം. പക്ഷേ, തിരുവനന്തപുരം 'തരംഗിണി'യിലെ റെക്കോഡിംഗ് മോശമായി," ജെറി പറയുന്നു. അദ്ദേഹം ഇക്കാര്യത്തിൽ ആരോപണമൊന്നും ഉന്നയിക്കുന്നില്ലെങ്കിലും, തന്റെ ഒരു സിനിമാഗാനം ഈ സ്ഥാപനത്തിൽ മനഃപൂർവം മോശമാക്കി റെക്കോഡു ചെയ്തതായി ഒരു ഗായിക തുറന്നു പറഞ്ഞിട്ടുണ്ട്. സതീഷ് ബാബുവിനെപ്പോലെ വളരെച്ചുരുക്കമായിമാത്രം സിനിമയിൽ അവസരം കിട്ടിയിട്ടുള്ള വ്യക്തിയായിരുന്നു ഈ ഗായിക.

ക്കാൻ കിട്ടിയ ആദ്യത്തെ അവസരംതന്നെ വിട്ടുകളയുന്നത് ആ മഹാനോടുള്ള അനാദരവായിരിക്കും എന്നുതോന്നി."

"ഞാൻ നാല് ഈണങ്ങൾ ഉണ്ടാക്കിക്കൊണ്ടാണ് ശ്രീകുമാരൻ തമ്പിയെ കാണാൻ പോയത്," ജെറി പറഞ്ഞു. "എന്റെയാ രീതി ഇഷ്ടമില്ലാത്തുകൊണ്ടാവാം തന്റെ എൻജിനീയറിംഗ് പാടവത്തെക്കുറിച്ചൊക്കെയാണ് കൂടുതലും അദ്ദേഹം സംസാരിച്ചത്. നല്ലൊരു സിവിൽ എൻജിനീയറായ തമ്പി ചെന്നൈയിൽ വളരെ നല്ലനിലയിൽ ഒരു കെട്ടിടനിർമാണസ്ഥാപനം നടത്തിയിരുന്നു. അതിൽനിന്ന് സിനിമയിലേക്കെത്തിയ കാര്യമൊക്കെ അദ്ദേഹം വിശദീകരിച്ചു. കൊച്ചിയിൽ എന്റെ അയൽക്കാരനായ എം.കെ. അർജുനനുമായി ധാരാളം നല്ല പാട്ടുകളുണ്ടാക്കിയ സന്ദർഭങ്ങളും അനുസ്മരിക്കുകയുണ്ടായി."

ഒരുമിച്ച് ഊണൊക്കെ കഴിച്ച് നല്ല സൗഹൃദത്തിലായെങ്കിലും പാട്ടെഴുതുന്ന കാര്യത്തിൽ തമ്പി ആദ്യം മടിച്ചുനിന്നു. പിന്നെ, ചന്ദ്രകുമാർ സ്നേഹപൂർവം നിർബന്ധിച്ചപ്പോൾ ചെയ്തുകൊടുക്കുകയാണുണ്ടായത്. ഏതായാലും അവയിൽ ഒന്നുപോലും കാര്യമായ പ്രേക്ഷകശ്രദ്ധ നേടിയില്ല. അഞ്ചു വർഷങ്ങൾക്കുശേഷം 'വാറണ്ട്' എന്ന ചിത്രത്തിലും ജെറി-തമ്പി കൂട്ടുകെട്ടുണ്ടായി. മൂന്നാമത്തെ ചിത്രം 2019 ലായിരുന്നു - 'എ ഫോർ ആപ്പ്ൾ.' ഇതിൽ നേരത്തേ എഴുതിവെച്ച കവിതകൾക്ക് ജെറി ഈണമിടുകയായിരുന്നു. 'എത്രസുന്ദരം സായാന്തനം...' എന്ന ഗാനം ഇതിൽ ശ്രദ്ധേയമായി. എങ്കിലും സിനിമയെ പ്രേക്ഷകർ സ്വീകരിച്ചില്ല.

**അവാർഡുകൾ, സ്വന്തം വീട്...**

അടിയന്തിരാവസ്ഥയുടെ പശ്ചാത്തലത്തിൽ 1991 ൽ എം.പി. സുകുമാരൻ നായർ ഒരു സിനിമയെടുത്തു, 'അപരാഹ്നം.' പണംവാരൽ ഉദ്ദേശിച്ചുള്ള ഒരു ജനപ്രിയസിനിമ ആയിരുന്നില്ല അത്. ഈ സിനിമയിൽ പാട്ടൊരുക്കാൻ ജെറി അമൽദേവിനെ വിളിച്ചു. "ഒരുതരം ബുദ്ധിജീവിനാട്യത്തോടെ എടുക്കുന്ന ഇത്തരം സിനിമകളോട് എനിക്ക് താൽപ്പര്യമില്ല. ദൃശ്യഭാഷയിൽ പ്രേക്ഷകരോട് നന്നായി സംവേദനം നടത്തുന്ന മികച്ച പാശ്ചാത്യസിനിമകൾ കണ്ടിട്ടുള്ളതിനാലാകാം അത്," ജെറി ചൂണ്ടിക്കാട്ടി.

ഏതായാലും ആ വർഷത്തെ സംഗീതസംവിധാനത്തിനുള്ള സംസ്ഥാനപുരസ്കാരം ജെറി അമൽദേവും പെരുമ്പാവൂർ ജി. രവീന്ദ്രനാഥും പങ്കിട്ടു. 'കഴക'ത്തിനുള്ള പശ്ചാത്തല സംഗീതത്തിന് 1995 ലെ സംസ്ഥാന അവാർഡും ജെറിക്കു കിട്ടി. നൗഷാദിനോടൊപ്പം ജോലിചെയ്തു പഠിച്ച അറിവുകളാണ് അദ്ദേഹത്തിന് ഇക്കാര്യത്തിലും

അതിന്റെ ആദ്യത്തെ രണ്ടു ചരണങ്ങളാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പാർട്ടി 1937 ൽ 'ദേശീയഗീത'മായി സ്വീകരിച്ചത്. ഹേമന്ത മുഖർജി ചിട്ടപ്പെടുത്തിയതുപ്രകാരം രാഗ് ദേശിലാണ് സാധാരണ യായി ഇത് ആകാശവാണിയിലും മറ്റും ആലപിക്കുക. 'അമ്മേ, ഞാൻ അവിടുത്തെ വണങ്ങുന്നു...' എന്നാണ് ആദ്യവരിയുടെ അർത്ഥം. ഇതിൽ വിഗ്രഹാരാധന കണ്ടെത്തി ഗാനത്തെ എതിർക്കുന്നവരുമുണ്ട്!

ചെന്നൈയിലെ മ്യൂസിക് ലോഞ്ജ് സ്റ്റുഡിയോയിലായിരുന്നു ജെറി ഈഗാനങ്ങളെല്ലാം റെക്കോഡ് ചെയ്തത്. കണ്ടക്ടിംഗിൽ സഹായി ക്കാൻ രാജാമണിയെയും ആർട്ടിസ്റ്റുകളെ സംഘടിപ്പിക്കാൻ കെ.ഡി. വിൻസെന്റിനെയും ഏർപ്പെടുത്തി. വളരെ വികാരനിർഭരമായിരുന്നു ജെറി അവിടെ ചെന്നപ്പോഴുള്ള രംഗങ്ങൾ. നീണ്ട ഇടവേളയ്ക്കുശേഷം ഇദ്ദേഹം വരുന്നതറിഞ്ഞ് പഴയകുറെ ആർട്ടിസ്റ്റുകൾ എത്തി. ഇല ക്ട്രോണിക് യുഗത്തിന്റെ ആഗമനത്തോടെ പണിയില്ലാതെയായവ രായിരുന്നു അവർ. പട്ടിണിയുടെ കഥകൾ പറഞ്ഞപ്പോൾ പലരും കര ഞ്ഞുപോയി. പാട്ടുകൾകേട്ട അവരാണ് അവ വൻവിജയമാകുമെന്ന് ആദ്യം പ്രവചിച്ചത്.

വാസ്തവത്തിൽ ഈസിനിമയിൽ ജെറി അമൽദേവിനെക്കൊണ്ട് സംഗീതസംവിധാനം ചെയ്യിക്കാൻ താൻ ഉദ്ദേശിച്ചിരുന്നില്ല എന്ന് സംവിധായകൻ എബ്രിഡ് ഷൈൻ വെളിപ്പെടുത്തി. “മഞ്ഞിൽ വി രിഞ്ഞ പൂക്കൾ, നോക്കെത്താദൂരത്ത് കണ്ണുംനട്ട് തുടങ്ങിയ സിനിമ കളിലെ പാട്ടുകൾ ഹിറ്റായിരുന്ന കാലത്താണ് ഞാൻ ബാല്യം ചെല വഴിച്ചത്. അവയിലെ ഗാനങ്ങൾപോലെ 'ജെറി അമൽദേവ് സ്റ്റൈലി'ൽ ഗാനങ്ങളുണ്ടാക്കണം എന്നേ ആഗ്രഹിച്ചിരുന്നുള്ളൂ. പിന്നീടാണ്, ജെറി അമൽദേവിനെത്തന്നെ പണി ഏൽപ്പിച്ചാലോ എന്ന ചിന്ത വന്നത്.”

പക്ഷേ, അദ്ദേഹത്തിനായുള്ള അന്വേഷണം തുടക്കത്തിൽ വഴിമു ട്ടി. “ജെറി എറണാകുളത്തൊന്നും ഇല്ല. ചെന്നൈയിലോ അമേരിക്ക യിലോ യൂറോപ്പിലെവിടെയോ ഒക്കെയാണ്. കക്ഷിയെ കിട്ടില്ല,” എന്നാ യിരുന്നു പലരും പറഞ്ഞത്. ഇദ്ദേഹം എറണാകുളം കച്ചേരിപ്പടിയിലും മാധവ ഫാർമസി ജംഗ്ഷനിലുമൊക്കെ നടന്നുപോകുന്നത് പതിവായി കാണുന്നവർതന്നെയായിരുന്നു ഇങ്ങനെ വഴിതെറ്റിക്കാൻ ശ്രമിച്ചതെ ന്നോർക്കണം! ഏതായാലും, കോട്ടയംകാരനായ എബ്രിഡ് ഷൈൻ നിരുൽസാഹപ്പെടാതെ അന്വേഷണം തുടർന്നതും ആളെ കണ്ടെത്തി യതും ജെറി അമൽദേവിന്റെ കരിയറിൽ ഒരു നാഴികക്കല്ലായിത്തീർന്നു.

ഈ സിനിമയ്ക്കായി പാട്ടുകളെഴുതാൻ ആദ്യം നിർമാതാക്കൾ ഏൽപ്പിച്ചിരുന്നത് കാവാലം നാരായണപ്പണിക്കരെ ആയിരുന്നു എന്നു

യതിൽ സന്തോഷിച്ച ജെറി സമ്മതിച്ചു. അങ്ങനെ മാസത്തിലൊരിക്കലോ മറ്റോ 'ആനവിലാസം ആശ്രമം' എന്നറിയപ്പെടുന്ന ബെനഡിക്ടൻ മോണസ്ട്രിയിൽപ്പോയി കുറച്ചു ദിവസങ്ങൾ ചെലവഴിക്കാൻ തുടങ്ങി. "കന്യാസ്ത്രീകൾ നടത്തിയ വിവർത്തനം അത്ര സുഖകരമായിരുന്നില്ല," ജെറി പറഞ്ഞു. "അതിനാൽ, കുനിയന്തോടത്ത് അച്ചനും ഞാനുംകൂടി അതൊക്കെ ശരിയാക്കി. എന്നിട്ട് കൃത്യമായ ഗ്രിഗോറിയൻ ചാന്റിൽ ഈണമിട്ടു."

ഇതറിഞ്ഞ് വനിതാവിഭാഗം സുപ്പീരിയർ ആയിരുന്ന സിസ്റ്റർ മഗ്ദലേനയും ജെറിയെ വിളിച്ച് കുറെ ആരാധനാഗീതങ്ങൾ തയാറാക്കി. "പോപ്പുമാർ ഗ്രിഗോറിയൻ ചാന്റിന്റെ സംരക്ഷണച്ചുമതല ഏൽപ്പിച്ചത് പ്രധാനമായും ബെനഡിക്ടൻ സഭക്കാരെയാണ്. അവർക്കത് ദൈനംദിന ആരാധനക്രമത്തിന്റെ ഭാഗമാണുതാനും. അത് കുറെയെണ്ണം മലയാളത്തിൽ ചെയ്യാൻ കഴിഞ്ഞത് എന്റെ ഭാഗ്യമാണ്," ജെറി പറയുന്നു. ഗ്രിഗോറിയൻ ചാന്റിന്റെ വ്യാപനചരിത്രത്തിൽ ഇതൊരു നാഴികക്കല്ലാണ്. കേരളത്തിലെ കത്തോലിക്കാസഭ ഇതിന്റെ പ്രാധാന്യം പക്ഷേ, തിരിച്ചറിഞ്ഞതായി തോന്നുന്നില്ല.

**ഓർത്തഡോക്സ് സഭയ്ക്കായ്**

ബാല്യംമുതലേ താൻ കേട്ടും പാടിയും വളർന്ന, ഉന്നതപഠനങ്ങൾ നടത്തിയ പാശ്ചാത്യമായ ക്രൈസ്തവസംഗീതത്തിൽനിന്നും പാടെ വ്യത്യസ്തമായ പൗരസ്ത്യസംഗീതത്തിൽ കഴിവു തെളിയിക്കാനും വൈവിധ്യമാർന്ന സൃഷ്ടികൾ നടത്താനും ജെറിക്ക് അവസരം ലഭിച്ചു. ചെന്നൈവാസമാണ് അതിനു കളമൊരുക്കിയത്. സിനിമാസംഗീതവുമായി അവിടെ ചുവടുറപ്പിച്ച ജെറി സെക്യുലർ സംഗീതവുമായും ദൈവാലയസംഗീതവുമായും തനിക്കുള്ള ബന്ധം തുടരാൻ ശ്രദ്ധിച്ചിരുന്നു. അങ്ങനെയാണ് അവിടെ താമസമാക്കിയിരുന്ന അവരാച്ചൻ എന്ന പരിചയക്കാരനെ തേടിപ്പിടിച്ചത്.

അതൊരു ക്രിസ്മസ്കാലമായിരുന്നു. സ്വീഡനിൽനിന്ന് ചെന്നൈയിലെത്തിയ ഓർത്തഡോക്സുകാരുടെ ഒരുസംഘം ചെന്നൈയിലെ സമുദായാംഗങ്ങളുടെ വീടുകളിൽ കാരൾസംഗീതവുമായി പോകുന്നുണ്ടായിരുന്നു. അവരോടൊപ്പം മൈലാപ്പൂരിൽ ചുറ്റിസഞ്ചരിക്കാൻ ജെറിക്ക് അവസരംകിട്ടി. അങ്ങനെയാണ് പട്ടണപ്പാറയിൽ താമസമുറപ്പിച്ച കണ്ടത്തിൽ കുടുംബക്കാരനായ മാത്യുവിന്റെയും ജയയുടെയും ഭവനത്തിൽ പോയതും അവരെ അടുത്തു പരിചയപ്പെട്ടതും. എം.ആർ.എഫ് ടയേഴ്സിന്റെ ഡയറക്ടർ ബോർഡംഗമായിരുന്ന മാത്യു സഭയിൽ ഉയർന്നസ്ഥാനം വഹിച്ചിരുന്ന വ്യക്തിയുമായിരുന്നു. ഭാര്യ

എനിക്ക് കാണാനായി. അന്നത്തെ ഗാനങ്ങളിൽ ഞാൻ ഇന്നും ഓർത്തിരിക്കുന്നത് 'ജീവിതാർച്ചന...' യാണ്. അസാധാരണമായ മാധുര്യവും ലാളിത്യവുമുള്ള ഗാനം! ഇപ്പൊഴും ഇടയ്ക്ക് തിരുവനന്തപുരത്തെ ദൈവാലയങ്ങളിൽ ഈ കാഴ്ചവെപ്പുഗാനം കേൾക്കുമ്പോൾ ഞാൻ ജെറി അമൽദേവിനെ ഓർമിക്കും."

ഹാർമോണിയത്തെ സ്വന്തം ശരീരത്തിന്റെ ഭാഗമെന്നവണ്ണം കൊണ്ടുനടന്നിരുന്ന ഒരുകാലത്ത് നാടകഗാനരംഗത്ത് സജീവസാന്നിധ്യമായിരുന്ന ജോസഫ് മാത്യുവിന്റെ മകനാണ് മുഖ്യവിവരാവകാശ കമ്മീഷണറായി വിരമിച്ച ഇദ്ദേഹം.

ഒരു പാട്ടിന്റെ വിജയത്തിൽ കവിതയ്ക്കാണ് ഒന്നാംസ്ഥാനം എന്ന അഭിപ്രായക്കാരനാണ് ജെറി. നല്ല ആശയപുഷ്ടിയും പദസൗന്ദര്യവും വൃത്തവുമൊക്കെയുള്ള വരികളിൽനിന്നേ നല്ലഗാനം, അത് സിനിമയിലേതായാലും ആരാധനയിലേതായാലും സെക്യുലർ ആയാലും ഉണ്ടാകൂ എന്നാണ് അദ്ദേഹത്തിന്റെ സുചിന്തിതമായ അഭിപ്രായം. വരികളിലെ സംഗീതത്തെ പുറത്തെടുത്ത് പൊലിപ്പിക്കുന്ന പണി മാത്രമേ സംഗീതസംവിധായകനുള്ളൂ എന്നാണ് അദ്ദേഹം എപ്പൊഴും പറയുക.

ഇതാണ് അന്ന് 'പോപ്പുമല'യിൽ മുഴങ്ങിയ കാഴ്ചവെപ്പുഗാനം.

'ജീവിതാർച്ചനാ വേളയായിതാ മാനസങ്ങളിൽ പൂജയായ്
ജീവദായകാ, സ്നേഹഗായകാ സ്വീകരിക്കുകീ പൂവുകൾ...'

വരാപ്പുഴ അതിരൂപതയിലെ തീർത്ഥാടനകേന്ദ്രമായ 'ഔർ ലേഡി ഓഫ് വല്ലാർപാടം ബസിലിക്ക'യ്ക്കുവേണ്ടി ജെറി സംഗീതം നൽകിയ വ്യത്യസ്തമായൊരു ആൽബമുണ്ട്- 'അമ്മേ, വല്ലാർപാടത്തമ്മേ.' സ്ഥിരം ക്രൈസ്തവഭക്തിഗാന രചയിതാക്കളെ വിളിക്കാതെ നല്ല കവികളെക്കൊണ്ട് ഏതാനും പാട്ടുകളെഴുതിച്ച് ഒരു ആൽബം സി.ഡിയാക്കി ഇറക്കണമെന്ന് ജെറിയോടു പറഞ്ഞത് അന്ന് സി.എ.സി. ഡയറക്ടറായിരുന്ന ഫാ. വില്യം നെല്ലിക്കലാണ്. അങ്ങനെ കാവാലം നാരായണപ്പണിക്കർ, കൈതപ്രം ദാമോദരൻ നമ്പൂതിരി, നിർമല രാജഗോപാൽ തുടങ്ങിയവരെക്കൊണ്ട് പാട്ടുകളെഴുതിച്ചു. ഒപ്പം ഫാ. ചെറിയാൻ കുനിയന്തോടത്ത്, പ്രൊഫ. പ്രിമൂസ് പെരിഞ്ചേരി, ജോർജ് കാക്കനാട് എന്നിവരും എഴുതി.

"കാവാലത്തോട് ഞാൻ വല്ലാർപാടത്തമ്മയുടെ 18-ാം നൂറ്റാണ്ടിലെ കഥയൊക്കെ പറഞ്ഞുകൊടുത്തു. മീനാക്ഷിയമ്മ എന്ന നായർ യുവതിയും കുഞ്ഞും വഞ്ചി മുങ്ങി വേമ്പനാട്ടുകായലിൽ കാണാതായതും മൂന്നാംനാൾ വെള്ളത്തിൽനിന്നും പരിക്കുകളൊന്നുമില്ലാതെ കണ്ടെ

## 11. 'സിംഗ് ഇന്ത്യാ, വിത്ത് ജെറി അമൽദേവ്'

കുറച്ചു വർഷങ്ങൾക്കു മുൻപാണ്. ഒരു ഓസ്ട്രേല്യൻ നഗരത്തിലെ പ്രസിദ്ധമായൊരു സംഗീതശാലയിൽ വലിയൊരു പരിപാടി നടക്കുന്നു. മലയാളികളടക്കം ധാരാളം ഇന്ത്യക്കാരും മറ്റു പല വിദേശികളുമടങ്ങിയ നിറഞ്ഞ സദസ്സ്. തലപ്പാവു ധരിച്ച സർദാർജിയും ലെഹങ്ക ചോളി ധരിച്ച രാജസ്ഥാനി വനിതയും മൈസൂരി തൊപ്പി ധരിച്ച യുവാവും കാശ്മീരി ഷാൾ ധരിച്ച യുവതിയും ഗാന്ധിത്തൊപ്പി ധരിച്ച മഹാരാഷ്ട്രക്കാരനും എന്നുവേണ്ട ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യത്തിന്റെ ഒരു മുഴുവൻ പരിച്ഛേദംതന്നെയായിരുന്നു വേദിയിൽ പാടാനും ഉപകരണങ്ങൾ വായിക്കാനുമായി ഉണ്ടായിരുന്നത്. അവർക്കു മുന്നിൽ ശക്തവും കൃത്യവുമായ കരചലനങ്ങളും മുഖഭാവവുമായി കണ്ടക്ട് ചെയ്യുന്ന, പാശ്ചാത്യരീതിയിൽ വസ്ത്രധാരണം ചെയ്ത ഒരു കുറിയ മനുഷ്യൻ-ജെറി അമൽദേവ്.

പശ്ചാത്തലത്തിലെ തിരശ്ശീലയിൽ വലിയ അക്ഷരങ്ങളിൽ ഇങ്ങനെ എഴുതിയിരുന്നു: SING INDIA, WITH JERRY AMALDEV.

'വന്ദേമാതര'വും ക്രിസ്മസ് കാരളും മുതൽ 'അയ് മേരെ വതൻ കേ ലോഗോ'യും 'പവിഴമല്ലി പൂത്തുലഞ്ഞ നീലവാനവും'വരെ വൈവിധ്യമാർന്ന ഗാനങ്ങൾ അവർ സംഘഗാനശൈലിയിൽ ആലപിക്കുന്നതുകേട്ട ബ്രിസ്ബേൻ യൂണിവേഴ്സിറ്റിയിലെ ജേണലിസം വിദ്യാർത്ഥിയായിരുന്ന ഒരു സുഹൃത്ത് ഇടവേളയിൽ എന്നെ വിളിച്ചു. ഇത്രവൈവിധ്യവും പ്രൊഫഷണലിസവും പുലർത്തുന്ന ഈ ട്രൂപ്പിന്റെ രഹസ്യമെന്ത്? 'സർദാർജി' എറണാകുളത്തുകാരനായ ജോ ഗബ്രിയേൽ ആണെന്നും ലെഹങ്ക ധരിച്ച തരുണി തനിമലയാളിയായ എൽസബയാണെന്നും മറ്റും ഞാൻ അദ്ദേഹത്തോട് പറഞ്ഞില്ല.

എറണാകുളം ഫൈൻ ആർട്ട്സ് അവന്യുവിലെ ഒരു അപ്പാർട്ടുമെന്റ് കോംപ്ലക്സിലുണ്ടായിരുന്ന ഒരു അയൽപ്പക്കബന്ധത്തിൽ നിന്നാണ് തുടക്കം. ജെറി അർബുദബാധിതയായ ഭാര്യ ജോളിയോടൊപ്പം നാട്ടിൽ തിരിച്ചെത്തിയശേഷം അവിടെയാണ് ആദ്യമായി താമസമാക്കിയത്.

ചെന്നൈയിൽവെച്ച് തൊണ്ടയടപ്പും വേദനയും കിരുകിരുപ്പുമായി ജോളിയെ കുറച്ചുകാലമായി അലട്ടിയിരുന്ന അസ്വസ്ഥതകൾ അർബുദത്തിന്റെ ലക്ഷണമായിരുന്നുവെന്ന് അവർ അറിഞ്ഞിരുന്നില്ല. ക്ഷയരോഗത്തിന്റെ തുടക്കമാണെന്നാണ് അവിടത്തെ ഒരു ആശുപത്രിയിലെ ഡോക്ടർമാർ പറഞ്ഞത്. എന്നാൽ പ്രശ്നം അധികരിച്ചുവന്നതോടെ ജെറി ഭാര്യയുമായി അപ്പോളോ ആശുപത്രിയിൽ പോയി. അവിടത്തെ

ചേർത്തിട്ടുണ്ട്.

**മുത്തച്ഛനാകുന്നു**

2010 ഡിസംബറിൽ തനിക്കൊരു പേരക്കുട്ടി ജനിക്കുമെന്നറിഞ്ഞ ജെറി അത്യധികം ആഹ്ലാദവാനായി. "കുഞ്ഞ് ജനിക്കുന്നവേളയിൽ ഞങ്ങളെല്ലാം മീരയ്ക്ക് ഒപ്പമുണ്ടാകണമെന്ന് അച്ഛൻ ആഗ്രഹിച്ചു," വിദൂരമായൊരു ഭൂഖണ്ഡത്തിലെ കുടുംബത്തിന്റെ പുനഃസമാഗമവേളയെക്കുറിച്ച് ഡാലിയ ഓർക്കുകയാണ്. "ഹോങ്കോങ്ങിൽനിന്ന് സംഗീതയും ചെന്നൈയിൽനിന്ന് ഞാനും ഓക്‌ലൺഡിലെത്തി. അവിടെ ആശുപത്രിയിൽ മീരയെ പ്രസവത്തിനു പ്രവേശിപ്പിച്ച സമയം അച്ഛൻ ഒരു കടലാസുതുണ്ടെടുത്ത് അപ്പോൾ മനസ്സിൽ തോന്നിയ വരികൾ കുറിച്ചു."

"After 30 years, the miracle repeats itself
Long awaited child- missed by Jolly, by expected all the rest.
A major Nadayil
A minor Amaldev
The souvenir of the two.
Citizen of a peaceful land, NZ.
Welcome!
- Grandfather Jerry Amaldev.''

സന്തോഷം പങ്കുവെക്കാൻ ഭാര്യ ഇല്ലാതെപോയതിന്റെ ദുഃഖവും രണ്ടു കുടുംബങ്ങളിലെ തലമുറകൾക്ക് പിന്തുടർച്ച ഉണ്ടാകുന്നതിലെ സന്തോഷവും പങ്കുവെക്കുന്ന വരികൾ. അവയിൽ സംഗീതസംബന്ധിയായ 'മേജർ, മൈനർ' എന്നീവാക്കുകൾ സന്നിവേശിപ്പിക്കാനും അദ്ദേഹം മറന്നില്ല!

മക്കളോടും പേരക്കുട്ടി 'കാരനു'മൊപ്പം ചെലവഴിച്ച നാളുകൾ ജെറി നല്ലവണ്ണം ആസ്വദിച്ചു. ചെന്നൈയിലെ താമസക്കാലത്തുള്ള ഒഴിവുദിനങ്ങളിൽ എന്നപോലെ തന്റെ പാചകവിദ്യകൾ പുറത്തെടുത്തു ആ കുടുംബനാഥൻ. അച്ഛന്റെ ചിക്കൻ കറി ഗംഭീരമാണെന്ന് പെൺമക്കൾ സാക്ഷ്യപ്പെടുത്തുന്നു; കഷണങ്ങൾ വൃത്തിയാക്കിക്കിട്ടിയാൽ തന്റെ മീൻകറി അതിലും ഗംഭീരമാകുമെന്ന് ജെറി! മുംബൈയിലെ ഏകാന്തവാസകാലത്ത് മുഹമ്മദ് ഷഫീയുടെ നിർദേശപ്രകാരം വാങ്ങിയ ഒരു ലഘുപാചകപുസ്തകത്തിൽനിന്ന് തുടങ്ങി വികസിച്ചുവന്നതാണീ പാചകവൈദഗ്ധ്യം.

പിൽക്കാലത്തു പക്ഷേ, ഇതൊക്കെ ഉപേക്ഷിച്ച് അദ്ദേഹം

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org